"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസ വകുപ്പ് - പങ്ങട സേക്രഡ് ഹാർട്ട് ഹൈസ്കൂളിലെ ഫുൾ ടൈം എൽ ജി ഹിന്ദി അദ്ധ്യാപികയായ ശ്രീമതി. മേരിക്കുട്ടി ഫിലിപ്പ് സമർപ്പിച്ച റിവിഷൻ ഹർജി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (എസ്.സി) വകുപ്പ്**

സ.ഉ.(സാധാ) നം.5339/2022/GEDN തീയതി,തിരുവനന്തപുരം, 12-09-2022

---

പരാമർശം:-

1. പങ്ങട സേക്രഡ് ഹാർട്ട് ഹൈസ്കൂളിലെ ഫുൾ ടൈം എൽ ജി ഹിന്ദി അദ്ധ്യാപികയായ മേരിക്കുട്ടി ഫിലിപ്പ് സമർപ്പിച്ച അപേക്ഷ
2. കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 13/07/2022 തീയതിയിലെ ഡി/1204/2022 നമ്പർ കത്ത്
3. കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 15/07/2022 തീയതിയിലെ ബി1/3757/2022 നമ്പർ കത്ത്.
4. പൊതുവിദ്യാഭ്യാസ ഓഫീസറുടെ 15/07/2022 തീയതിയിലെ ഇ.റ്റി2/10640/2021/ഡി.ജി.ഇ നമ്പർ കത്ത്
5. കോട്ടയം ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 16/07/2022 തീയതിയിലെ ഡി.ഇ.ഒ.കെ.ടി.എം/10065/2022/ബി1 നമ്പർ കത്ത്

**ഉത്തരവ്**

പങ്ങട സേക്രഡ് ഹാർട്ട് ഹൈസ്കൂളിലെ ഫുൾ ടൈം എൽ ജി ഹിന്ദി അദ്ധ്യാപികയായ ശ്രീമതി. മേരിക്കുട്ടി ഫിലിപ്പിന് ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് അനുവദിച്ച് ടിയാരിയുടെ 01.06.2016 മുതൽ ഉള്ള പാർട്ട് ടൈം ജൂനിയർ ഹിന്ദി ടീച്ചർ നിയമനവും 06.06.2019 മുതലുള്ള F.T.L.G ഹിന്ദി ടീച്ചർ നിയമനവും അംഗീകരിക്കണമെന്ന ആവശ്യം ഉന്നയിച്ച് പരാമർശം 1 പ്രകാരം സർക്കാരിൽ റിവിഷൻ ഹർജി സമർപ്പിച്ചിരുന്നു. ഈ റിവിഷൻ ഹർജിയുമായി ബന്ധപ്പെട്ടവരെ 18/07/2022 ന് നേരിൽ വാദം കേട്ടു.

**ഹർജിക്കാരിയുടെ വാദം ചുവടെ കൊടുക്കുന്നു:-**

എ) ഹർജിക്കാരിക്ക് 21.07.2015 മുതൽ 19.10.2015 വരെ FTLG Hindi Teacher ആയി ദിവസവേതനത്തിൽ അംഗീകൃത നിയമനം ലഭിച്ചിട്ടുള്ളയാളാണ്. കോട്ടയം ജില്ലയിൽ

കറുകച്ചാൽ ഉപജില്ലയിൽ ചമ്പക്കര സെന്റെ ജോസഫ് യു.പി.സ്കൂളിൽ 01.06.2016 മുതൽ ഒരു പ്രൊമോഷൻ ഒഴിവിൽ പാർട്ട് ടൈം ജൂനിയർ ഹിന്ദി ടീച്ചർ ആയി നിയമിച്ചിരുന്നു. ചമ്പക്കര സെന്റ് ജോസഫ് യു.പി.സ്കൂൾ പുതിയതായി ഉയർത്തപ്പെട്ട സ്കൂളായതിനാൽ സംരക്ഷിത അധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്ന കാരണത്താൽ കറുകച്ചാൽ AEO നിയമനം നിരസിച്ചു. കാഞ്ഞിരപ്പള്ളി DEOയ്ക്ക് സമർപ്പിച്ച അപ്പീലും ഇതേ കാരണത്താൽ 07.09.2018 ലെ ഉത്തരവുപ്രകാരം നിരസിക്കുകയുണ്ടായി. പൊതുവിദ്യാഭ്യാസ ഡയറക്ടറും അദ്ദേഹത്തിന് സമർപ്പിച്ച റിവിഷൻ പെറ്റീഷനും ഇതേ കാരണത്താൽ 03.04.2021 ലെ ഉത്തരവു പ്രകാരം നിരസിക്കുകയുണ്ടായി.

ബി) AEO യും DEO യും പൊതുവിദ്യാഭ്യാസ ഡയറക്ടറും തന്റെ LG PT Hindi Teacher ആയിട്ടുള്ള 01.06.2016 മുതലുള്ള നിയമനം നിരസിച്ച ഏക കാരണം സ്കൂൾ പുതിയതായി ഉയർത്തപ്പെട്ട സ്കൂളായതിനാൽ സംരക്ഷിത അധ്യാപകരെ മാത്രമേ നിയമിക്കാവുള്ളൂ എന്നത് മാത്രമാണ്. ഈ തടസ്സവാദമാകട്ടെ 09.11.2016 ലെ 951951/16/G.Edn സർക്കുലർ പ്രകാരം 2011-12 മുതൽ 2015-16 വരെയുള്ള നിയമനങ്ങൾക്ക് ബാധകമാക്കേണ്ടതില്ലെന്നു തീരുമാനിക്കുകയും 2016-17 മുതൽ നടപ്പിലാക്കണമെന്നു തീരുമാനിക്കുകയുമുണ്ടായി. എന്നാൽ തന്റെ നിയമനം ഈ സർക്കുലർ തീയതിക്കു മുമ്പ് 01.06.2016ൽ നടന്നതാണ്.

സി) തന്റെ 01.06.2016 മുതൽ 05.06.2019 വരെയുള്ള LG PT Hindi Teacher ആയുള്ള നിയമനം പരിഗണിച്ചു തന്നെ FTLG ഹിന്ദി ടീച്ചർ ആയി 06.06.2019 മുതൽ പങ്ങട എസ്.എച്ച്.ഹൈസ്കൂളിൽ പ്രൊമോഷൻ ആയി സിസ്റ്റർ ഡെയ്സി തോമസ് സ്ഥലം മാറിപ്പോയ ഒഴിവിൽ നിയമിച്ചു. എന്നാൽ താൻ ചട്ടം 43 അവകാശിയാണെന്ന രേഖകൾ ഒന്നും ഹാജരാക്കാത്തതിനാലും മാതൃഅധ്യാപികയുടെ സ്ഥലം മാറ്റം അംഗീകരിച്ച ഉത്തരവ് ഹാജരാക്കാത്തതിനാലും കോട്ടയം ഡി ഇ ഒ ഈ നിയമനവും നിരസിച്ചു.

ഡി) സിസ്റ്റർ ഡെയ്സി തോമസ് സ്ഥലം മാറിപ്പോയ അതിരമ്പുഴ സെന്റ് അലോഷ്യസ് ഹയർ സെക്കണ്ടറി സ്കൂളിൽ നിന്നും 06.06.2019 മുതൽ തന്നെ ശമ്പളവും മറ്റാനുകൂല്യങ്ങളും ലഭിക്കുന്നുണ്ടെന്ന് അതിരമ്പുഴ സെന്റ് അലോഷ്യസ് ഹയർ സെക്കണ്ടറി സ്കൂൾ പ്രഥമാധ്യാപകൻ സാക്ഷ്യപ്പെടുത്തിയിട്ടുണ്ട്. അതിനാൽ തന്നെ 06.06.2019 മുതൽ നിയമിച്ച ഒഴിവ് വ്യവസ്ഥാപിതമാണ്.എന്നാൽ താൻ ചട്ടം 43 അവകാശിയല്ല എന്നതിനാൽ തന്റെ നിയമനം 06.06.2019 മുതൽ അംഗീകരിച്ചിട്ടില്ല.

ഇ) മാനേജ്മെന്റിന്റെ കീഴിൽ പുതിയതായി ഉയർത്തപ്പെട്ട/ആരംഭിച്ച സ്കൂളുകളുമായി ബന്ധപ്പെട്ട 2016-17 മുതൽ 2019-20 വരെയുള്ള 92 എണ്ണം അധ്യാപക/അനധ്യാപക നിയമനങ്ങൾ അംഗീകരിക്കുന്നതിലേക്കായി 06.02.2021 ലെ G.O.(P) 4/2021/G.Edn. നമ്പർ ഉത്തരവ്, 26.02.2021ലെ H2/19500/2021/DGE നമ്പർ സർക്കുലർ എന്നിവയിൽ നിഷ്കർഷിച്ചിരിക്കുന്ന പ്രകാരം സംരക്ഷിത അധ്യാപകരെ നിയമിക്കുന്നതിനായി ഭാവിയിൽ ഉണ്ടാകുന്ന ഒഴിവ് മാറ്റിവെക്കുന്നതാണെന്നു കോർപ്പറേറ്റ് മാനേജർ 30.12.2021 ൽ സത്യപ്രസ്താവന സമർപ്പിച്ചിട്ടുണ്ട്. ആയതിനാൽ തന്റെ 01.06.2016 മുതൽ ഉള്ള പാർട്ട് ടൈം ജൂനിയർ ഹിന്ദി ടീച്ചർ നിയമനവും 06.06.2019 മുതലുള്ള FT LG ഹിന്ദി ടീച്ചർ നിയമനവും 06.02.2021ലെ G.O(P) 4/2021/G.Edn നമ്പർ ഉത്തരവ്, 26.02.2021ലെ H2/19500/2021/DGE നമ്പർ സർക്കുലർ, Ext.P-9 സത്യപ്രസ്താവന എന്നിവയുടെ വെളിച്ചത്തിൽ അംഗീകാരയോഗ്യമായിട്ടുണ്ട്.

എഫ്) പക്ഷെ, ഇപ്പോൾ പരിശോധിക്കുമ്പോൾ 01.06.2016ൽ തനിക്ക് ഉയർന്ന പ്രായപരിധി കഴിഞ്ഞുപോയിട്ടുണ്ടെന്നാണ് മനസ്സിലാക്കുന്നത്. എന്നാൽ ഒരു വിദ്യാഭ്യാസ അധികാരികളും ഇതേ വരെ ചൂണ്ടിക്കാണിക്കാത്ത കാര്യമാണിത്. അതുകൊണ്ടുതന്നെ സംരക്ഷിത അധ്യാപകരുടെ പ്രശ്നം പരിഹരിക്കുമെന്നുള്ള പ്രതീക്ഷയിൽ മറ്റു യാതൊരു തടസ്സങ്ങളുമില്ലെന്നുള്ളതിനാൽ താൻ സർവ്വീസിൽ ഇപ്പോഴും തുടരുകയും ചെയ്യുകയാണ്. പക്ഷെ തന്റെ ജനനത്തീയതി 25.05.1975 ആകയാൽ 01.01.2016 ൽ തനിക്ക് 40 വയസ്സ് തികഞ്ഞുകഴിഞ്ഞതിനാൽ ഉയർന്ന പ്രായപരിധിയിൽ നിന്നും തനിക്ക് 7 മാസത്തെ ഇളവ് സർക്കാരിന്റെ KER അധ്യായം 1 ചട്ടം 3 പ്രകാരമുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് ലഭിച്ചാലേ തന്റെ നിയമനങ്ങൾ അംഗീകരിക്കാൻ കഴിയുകയുള്ളൂ.

ജി) സ്കൂളിലെ Scouts and Guidesന്റെ ചുമതല തനിക്കാണ്. താൻ വളരെ ഉത്തരവാദിത്വത്തോടെ Scouts and Guides ഗ്രൂപ്പ് മുന്നോട്ട് കൊണ്ടുപോകുന്നുണ്ട്. തനിക്ക് ഈ ജോലി അല്ലാതെ മറ്റു ജീവിത മാർഗ്ഗങ്ങളൊന്നുമില്ല. വളരെ പാവപ്പെട്ട കുടുംബത്തിൽ നിന്നുള്ളയാളാണ് താൻ. ഈ ജോലി നഷ്ടപ്പെട്ടാൽ താനും തന്റെ കുടുംബവും നിത്യ ദാരിദ്ര്യത്തിൽ ആകുന്നതാണ്.

എച്ച്) ഈ സാഹചര്യത്തിൽ കഴിഞ്ഞ 6 വർഷമായി സർവ്വീസിൽ തുടരുന്ന തനിക്ക് ഉയർന്ന പ്രായപരിധിയിൽ നിന്നും KER അധ്യായം 1 ചട്ടം 3 പ്രകാരമുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് ഇളവ് അനുവദിച്ചു 01.06.2016 മുതൽ ഉള്ള പാർട്ട് ടൈം ജൂനിയർ ഹിന്ദി ടീച്ചർ

നിയമനവും 06.06.2019 മുതൽ ഉള്ള FTLG ഹിന്ദി ടീച്ചർ നിയമനവും അംഗീകരിച്ച് ഉത്തരവാകണമെന്നാണ് അപേക്ഷിക്കുന്നത്.

**<u>2) കാഞ്ഞിരപ്പള്ളി ഡി.ഇ.ഒ യുടെ റിപ്പോർട്ട്</u>**

എ) കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസിന്റെ പരിധിയിൽ വരുന്ന ചമ്പക്കര സെന്റ് ജോസഫ് യു.പി.സ്കൂളിൽ പാർട്ട്ടൈം ജൂനിയർ ഹിന്ദി ടീച്ചറായി ശ്രീമതി മേരിക്കുട്ടി ഫിലിപ്പിനെ ചങ്ങനാശ്ശേരി രൂപത കോർപ്പറേറ്റ് മാനേജർ 01.06.2016 മുതൽ ശ്രീമതി ജൂലി മാത്യുവിന് സ്ഥാനക്കയറ്റം നൽകിയ ഒഴിവിൽ നിയമിക്കുകയും നിയമനാംഗീകാരത്തിനായി കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ മുമ്പാകെ സമർപ്പിക്കുകയും ചെയ്തു. ടി സ്കൂൾ പുതുതായി ഉയർത്തപ്പെട്ട/ആരംഭിച്ച വിഭാഗത്തിൽപ്പെടുന്നു എന്ന കാരണം ചൂണ്ടിക്കാട്ടി 08.01.2018-ലെ ഉത്തരവ് നം.ഡി/1513/2016/കെ.ഡിസ് പ്രകാരം ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിയമനം നിരസിക്കുകയും ചട്ടപ്രകാരം അപ്പീൽ സമർപ്പിക്കുവാൻ നിർദ്ദേശിക്കുകയും ചെയ്തു.

ബി) ടി ഉത്തരവിനെതിരെ ബന്ധപ്പെട്ട സ്കൂൾ മാനേജർ 16.3.2018 -ലെ കത്ത് നം.ബി7/04/2016 പ്രകാരം കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ അപ്പീൽ സമർപ്പിക്കുകയും, ചമ്പക്കര സെന്റ് ജോസഫ് യു.പി സ്കൂൾ ന്യൂ സ്കൂൾ വിഭാഗത്തിൽപ്പെടുന്നു എന്നതിനാൽ 03.12.2016 -ലെ ജി.ഒ (പി) നം.199/2016 ഉത്തരവ് പ്രകാരം അപ്പീൽ നിരസിച്ചുനൽകി. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്കൂൾ മാനേജരോ ശ്രീമതി മേരിക്കുട്ടി ഫിലിപ്പോ തുടർ കത്തിടപാടുകളോ അന്വേഷണമോ കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ഓഫീസുമായി നടത്തിയിട്ടില്ല.

**<u>3) കറുകച്ചാൽ എ.ഇ.ഒ യുടെ റിപ്പോർട്ട്</u>**

എ) കറുകച്ചാൽ ഉപജില്ലയുടെ പരിധിയിൽ ഉൾപ്പെട്ട ചങ്ങനാശ്ശേരി കോർപ്പറേറ്റ് മാനേജ്മെന്റിനു കീഴിൽ വരുന്ന ചമ്പക്കര സെന്റ് ജോസഫ് യു.പി സ്കൂളിൽ 01.06.2016 മുതൽ റെഗുലർ അടിസ്ഥാനത്തിൽ പാർട്ട് ടൈം ജൂനിയർ ഹിന്ദി ടീച്ചറായി ശ്രീമതി.മേരിക്കുട്ടി ഫിലിപ്പിനെ മാനേജർ നിയമിച്ചു.ആയതിന്റെ നിയമന പ്രൊപ്പോസൽ ഈ ഓഫീസിൽ സമർപ്പിക്കുകയും 08.01.2018-ലെ ഡി/1513/2016/കെ.ഡിസ് ഉത്തരവിലൂടെ നിരസിക്കുകയും ചെയ്തിരുന്നു.സെന്റ് ജോസഫ് യു.പി.എസ് ചമ്പക്കര പുതുതായി ഉയർത്തപ്പെട്ട സ്കൂളുകളുടെ

ഗണത്തിൽപ്പെട്ട സ്കൂളാണ്. ന്യൂ സ്കൂൾ/ന്യൂലി അപ്ഗ്രേഡഡ് സ്കൂളുകളിലെ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്ന് 03.12.2016-ലെ ജി.ഒ (പി) 199/2016/പൊ.വി.വ ഉത്തരവിൽ നിഷ്കർഷിച്ചിട്ടുള്ളതിനാലും ഈ വ്യവസ്ഥയ്ക്ക് 2016-17 അദ്ധ്യയന വർഷത്തെ തസ്തിക നിർണ്ണയം പൂർത്തിയായതിന് ശേഷവും സർക്കാർ ഭേദഗതിയൊന്നും വരുത്തിയിട്ടില്ലാത്തതിനാലും ആണ് പ്രസ്തുത നിയമനം നിരസിച്ച് നൽകിയത്.

ബി) നിയമനം നിരസിച്ചതിനെതിരെ കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ആഫീസിൽ അപ്പീൽ സമർപ്പിച്ചെങ്കിലും 07.09.2018-ലെ ബി1/2761/2018/കെ.ഡിസ് ഉത്തരവിലൂടെ അപ്പീലും നിരസിക്കപ്പെട്ടു.ആയതിനെതിരെ പൊതുവിദ്യാഭ്യാസ ഡയറക്ടറേറ്റിൽ റിവിഷൻ ഹർജി സമർപ്പിച്ചുവെങ്കിലും ഉപജില്ലാ വിദ്യാഭ്യാസ ആഫീസറുടെ തീരുമാനം ശരിവെച്ചുകൊണ്ട് റിവിഷൻ ഹർജി നിരസിച്ചിരുന്നു. ന്യൂ സ്കൂൾ/ന്യൂലി അപ്ഗ്രേഡഡ് സ്കൂളുകളിലെ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ നിയമിക്കണമെന്ന വ്യവസ്ഥ ജി.ഒ (പി) നം.199/2016/പൊ.വി.വ തീയതി 03.12.2016 ലെ ഉത്തരവ്, 09.11.2016-ലെ സർക്കുലർ നം.951951/ജെ2/16/പൊ.വി.വ-ൽ നൽകിയ സ്പഷ്ടീകരണം, ജി ഒ (പി) നം.3/2019/ പൊ.വി.വ തീയതി 28.02.2019 പ്രകാരം നിഷ്കർഷിച്ചിട്ടുള്ളതാണ്. എന്നാൽ ഈ വിദ്യാലയത്തിൽ സംരക്ഷിതാദ്ധ്യാപകർ ആരും തന്നെ സേവനമനുഷ്ഠിക്കുന്നില്ല. പ്രസ്തുത നിയമനം നിരസിക്കുവാൻ ഇടയായ കാരണം തുടരുന്നു.

സി) ശ്രീമതി മേരിക്കുട്ടി ഫിലിപ്പിന്റെ എസ്.എസ്.എൽ.സി ബുക്കിന്റെ പകർപ്പ് പരിശോധിച്ചതിൽ നിന്നും ടിയാരിയുടെ ജനന തീയതി 25.05.1975 ഉം, ക്രിസ്ത്യൻ റോമൻ കാത്തലിക് വിഭാഗത്തിൽ ഉൾപ്പെട്ടിട്ടുള്ള വ്യക്തിയും ആണെന്ന് ബോധ്യപ്പെടുന്നു. ചമ്പക്കര സെന്റ് ജോസഫ് യു.പി സ്കൂളിൽ 01.06.2016 മുതൽ പാർട്ട് ടൈം ജൂനിയർ ഹിന്ദി ടീച്ചറായി നിയമിക്കപ്പെടുമ്പോൾ നിശ്ചിത പ്രായ പരിധിയായ 40 വയസ്സ് അധികരിച്ചതായി കാണുന്നു. നിയമനം ലഭിച്ച വർഷാരംഭം 01.01.2016-ൽ 40 വയസ്സ് 7മാസം 7ദിവസം പൂർത്തീകരിച്ചിരുന്നു. നിലവിലെ ഹർജിയിൽ അപേക്ഷിക്കും പ്രകാരം നിയമനം നടന്ന വേളയിൽ നിശ്ചിത പ്രായ പരിധി അധികരിച്ചതിനാൽ ഇളവ് നൽകുന്നത് സംബന്ധിച്ച അധികാരം സർക്കാരിൽ നിക്ഷിപ്തമാണ്.

<u>4) കോട്ടയം ജില്ലാ വിദ്യാഭ്യാസ ആഫീസറുടെ റിപ്പോർട്ട്</u>

കോട്ടയം വിദ്യാഭ്യാസ ജില്ലയുടെ പരിധിയിൽ വരുന്ന പങ്ങട സേക്രഡ് ഹാർട്ട് ഹൈസ്കൂളിൽ ഫുൾടൈം (എൽ.ജി) ഹിന്ദി അധ്യാപിക സി.ഡെയ്സി തോമസ് 06.06.2019ൽ അതിരമ്പുഴ സെന്റ് അലോഷ്യസ് ഹൈസ്കൂളിലേക്ക് സ്ഥലം മാറിപ്പോയ ഒഴിവിൽ ആണ് ചങ്ങനാശ്ശേരി

അതിരൂപത കോർപ്പറേറ്റ് മാനേജർ ശ്രീമതി മേരിക്കുട്ടി ഫിലിപ്പിനെ നിയമിച്ചിട്ടുള്ളത്. ശ്രീമതി മേരിക്കുട്ടി ഫിലിപ്പ് 43 അവകാശിയാണെന്ന് അവകാശവാദം ഉന്നയിച്ചുകൊണ്ട് സ്ഥാനക്കയറ്റം എന്ന ഗണത്തിലാണ് കോർപ്പറേറ്റ് മാനേജർ ടി നിയമനം നടത്തിയിട്ടുള്ളത്. കോർപ്പറേറ്റ് മാനേജർ സമന്വയ മുഖേന സമർപ്പിച്ച നിയമന അപേക്ഷയോടൊപ്പം ശ്രീമതി മേരിക്കുട്ടി ഫിലിപ്പ് റൂൾ 43 അവകാശിയാണെന്ന് തെളിയിക്കുന്ന രേഖകൾ ഒന്നും ഹാജരാക്കിയിരുന്നില്ല. അതോടൊപ്പം മാതൃജീവനക്കാരിയായ സി.ഡെയ്സി തോമസിന്റെ സ്ഥലംമാറ്റം അംഗീകരിച്ചതുമായി ബന്ധപ്പെട്ട രേഖകളും ഹാജരാക്കിയിരുന്നില്ല. മേൽ കാരണങ്ങളാൽ ശ്രീമതി മേരിക്കുട്ടി ഫിലിപ്പിന്റെ നിയമനം ഈ ആഫീസിലെ ബി1/10319/2019 തീയതി 10.01.2020 ഉത്തരവ് പ്രകാരം നിരസിച്ചിരുന്നു. ശ്രീമതി മേരിക്കുട്ടി ഫിലിപ്പിന്റെ ജനനത്തീയതി എസ്.എസ്.എൽ.സി ബുക്ക് പ്രകാരം 25.05.1975 ആണ്. സ്ഥാനക്കയറ്റനിയമന തീയതിയായ 06.06.2019ൽ ടിയാരിയുടെ ജനനത്തിയതി 44 വയസ്സാണ്. ജനറൽ കാറ്റഗറി ആയതിനാൽ പുതിയ നിയമനം എന്ന രീതിയിൽ പരിഗണിക്കേണ്ടി വന്നാൽ ടിയാരിയുടെ പ്രായം കെ.ഇ.ആർ പ്രകാരമുള്ള നിശ്ചിത പ്രായ പരിധിക്ക് പുറത്താണ്.

5) മേല്പറഞ്ഞ വസ്തുതകൾ ഹിയറിങ് സമയത്തെ വാദം, ഹാജരാക്കപ്പെട്ട രേഖകൾ, ബന്ധപ്പെട്ട ചട്ടങ്ങൾ/ ഉത്തരവുകൾ എന്നിവയുടെ അടിസ്ഥാനത്തിൽ സർക്കാർ പരിശോധിച്ചു. KER അധ്യായം 1 ചട്ടം 3 പ്രകാരമുള്ള പ്രത്യേക അധികാരം ഉപയോഗിച്ച് ഉയർന്ന പ്രായപരിധിയിൽ നിന്നും ഇളവ് അനുവദിച്ച്, 01.06.2016 മുതൽ ഉള്ള പാർട്ട് ടൈം ജൂനിയർ ഹിന്ദി ടീച്ചർ നിയമനവും 06.06.2019 മുതൽ ഉള്ള FTLG ഹിന്ദി ടീച്ചർ നിയമനവും അംഗീകരിച്ച് ഉത്തരവാകണമെന്ന അപേക്ഷയാണ് ഹർജിക്കാരി സർക്കാർ മുമ്പാകെ വച്ചിട്ടുള്ളത്. KER അധ്യായം 1 ചട്ടം 3 ചുവടെ കൊടുക്കുന്നു:-

*"Where the Government are satisfied that the operation of any rule under these Rules causes undue hardship in any particular case, the Government may dispense with or relax the requirements of that rule to such extent and subject to such conditions as they may consider necessary for dealing with the case in a just and equitable manner."*

പ്രസ്തുത ചട്ടം ബാധകമാക്കുന്നതിന് അതിൽ വിവരിക്കുന്ന വിധം സാഹചര്യങ്ങൾ ഹർജിക്കാരിയുടെ കാര്യത്തിൽ ഉണ്ടായിട്ടുണ്ടോ എന്നു പരിശോധിച്ചതിൽ ഇനിപ്പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്:-

ഒന്ന്) ചമ്പക്കര സെന്റ് ജോസഫ് യു.പി സ്കൂളിൽ 01.06.2016 മുതൽ റെഗുലർ അടിസ്ഥാനത്തിൽ പാർട്ട് ടൈം ജൂനിയർ ഹിന്ദി ടീച്ചറായി ശ്രീമതി.മേരിക്കുട്ടി ഫിലിപ്പിനെ മാനേജർ നിയമിച്ചു. പ്രസ്തുത സ്കൂൾ പുതുതായി ഉയർത്തപ്പെട്ട സ്കൂളുകളുടെ ഗണത്തിൽപ്പെട്ട സ്കൂളാണെന്നും അത്തരം സ്കൂളുകളിലെ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്നും കാരണം ചൂണ്ടിക്കാട്ടി നിയമനം 08.01.2018-ലെ ഡി/1513/2016/കെ.ഡിസ് ഉത്തരവിലൂടെ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. ഇതിനെതിരെയുള്ള അപ്പീൽ ഇതേ കാരണം തന്നെ ചൂണ്ടിക്കാട്ടി കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ആഫീസർ നിരസിച്ചു. ആ തീരുമാനത്തിനെതിരെയുള്ള റിവിഷനും അതേ കാരണം തന്നെ ചൂണ്ടിക്കാട്ടി പൊതുവിദ്യാഭ്യാസ ഡയറക്ടർ നിരസിച്ചു. വകുപ്പുതലത്തിലുണ്ടായ ഈ തീരുമാനങ്ങൾക്കെതിരെയാണ് സർക്കാർ മുമ്പാകെ റിവിഷൻ ഫയൽ ചെയ്യപ്പെട്ടിരിക്കുന്നത്. വിദ്യാഭ്യാസ അധികൃതർ ഹർജിക്കാരിയുടെ നിയമനം നിരസിക്കുന്നതിന് ചൂണ്ടിക്കാട്ടിയിരുന്ന ഒരേയൊരു തടസ്സവാദം സ്കൂൾ പുതുതായി ഉയർത്തപ്പെട്ട സ്കൂളുകളുടെ ഗണത്തിൽപ്പെട്ട സ്കൂളാണെന്നും അത്തരം സ്കൂളുകളിലെ ഒഴിവുകളിൽ സംരക്ഷിതാദ്ധ്യാപകരെ മാത്രമേ നിയമിക്കാവൂ എന്നും ഉള്ളതാണെന്ന ശ്രദ്ധിക്കാവുന്നതാണ്. പക്ഷെ, ഇത്തരം തടസ്സവാദം നിലനിൽക്കുന്ന കേസുകൾ ചില വ്യവസ്ഥകളോടെ അംഗീകരിക്കുന്നതിന് 6.2.2021-ലെ ജി.ഒ(പി) 4/2021/ പൊ.വി.വ നം. ഉത്തരവിലൂടെ സർക്കാർ പൊതുവായി അനുമതി നൽകിയിട്ടുണ്ട്. അതനുസരിച്ച് ഹർജിക്കാരിയുടെ നിയമനം പ്രസ്തുത വ്യവസ്ഥകൾക്കു വിധേയമായി അംഗീകരിക്കത്തക്കതായിരുന്നു.

രണ്ട്) എന്നാൽ, കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർ, കാഞ്ഞിരപ്പള്ളി ജില്ലാ വിദ്യാഭ്യാസ ആഫീസർ, പൊതുവിദ്യാഭ്യാസ ഡയറക്ടർ എന്നിവർ ഹർജിക്കാരിയുടെ നിയമനം അംഗീകരിക്കാനാകില്ലെന്നതിന് ഇപ്പോൾ പുതുതായി ഒരു തടസ്സവാദം സർക്കാർ മുമ്പാകെ ഉന്നയിച്ചിട്ടുണ്ട്. 01.06.2016 മുതൽ റെഗുലർ അടിസ്ഥാനത്തിൽ നിയമനം നൽകിയപ്പോൾ ഹർജിക്കാരിയ്ക്ക് ഉയർന്ന പ്രായപരിധി കടന്നിരുന്നു എന്നതാണ് പ്രസ്തുത തടസ്സവാദം. ഈയൊരു വസ്തുത ഹർജിക്കാരിയുടെ നിയമനാംഗീകാരം നിരസിച്ച ഉത്തരവുകളിൽ മേല്പറഞ്ഞ വിദ്യാഭ്യാസ അധികൃതരാരും ചൂണ്ടിക്കാണിക്കാതിരുന്ന തടസ്സവാദമാണ്. അംഗീകാരം നിരസിക്കുന്നതിനു ആദ്യം ചൂണ്ടിക്കാട്ടിയ തടസ്സവാദങ്ങൾക്കുപരിയായി പുതിയ പുതിയ തടസ്സവാദങ്ങൾ അപ്പീൽ/റിവിഷൻ പരിഗണിക്കുന്ന വേളയിൽ വിദ്യാഭ്യാസ അധികൃതർ ഇത്തരത്തിൽ ഉന്നയിക്കുന്നതിൻറ്റെ അനൌചിത്യവും നീതികേടും നിരവധി കോടതി

വിധിന്യായങ്ങളിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളതാണ്. ഹർജിക്കാരിയ്ക്ക് 01.06.2016 മുതൽ നിയമനം നൽകിയപ്പോൾ ഉയർന്ന പ്രായപരിധി കടന്നിരുന്നു എന്ന കാര്യം അംഗീകാരം നൽകുന്ന അതോറിറ്റി തലത്തിലും അപ്പലേറ്റ് അതോറിറ്റി തലത്തിലും വകുപ്പുതലവനും റിവിഷണറി അതോറിറ്റിയുമായ ഡയറക്ടർ തലത്തിലും ശ്രദ്ധിച്ചിരുന്നില്ല എന്ന സാഹചര്യം ചട്ടങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഈ അതോറിറ്റികൾക്കു സംഭവിച്ച അലംഭാവവും വീഴ്ചയും വ്യക്തമാക്കുന്നു. പുതിയ തടസ്സവാദം പ്രസക്തമാണെങ്കിൽ കൂടി, അക്കാര്യം അതുവരെ ഉന്നയിക്കപ്പെടാത്ത ഒന്നായിരുന്നതിനാൽ, "സംരക്ഷിതാദ്ധ്യാപക നിയമനം വേണ്ടതായിരുന്നു" എന്ന ഒരേയൊരു തടസ്സവാദം മാത്രമേ തൻറ്റെ നിയമനാംഗീകാര വിഷയത്തിൽ ഉള്ളൂ എന്നും ആയത് നീങ്ങിക്കിട്ടിയേക്കുമെന്നുമുള്ള ധാരണയിൽ ഒരോ ഉദ്യോഗസ്ഥ തലത്തിലും അപ്പീൽ, റിവിഷൻ എന്നിവ ഫയൽ ചെയ്ത്, അവയിൽ തീരുമാനം ഉണ്ടാകുന്നതുവരെ ഹർജിക്കാരി സ്കൂളിൽ ജോലിയെടുത്തുവന്നിരുന്നു എന്ന് രേഖകളിൽ നിന്നും വ്യക്തമാകുന്നു. ഇപ്രകാരം, സംരക്ഷിതാദ്ധ്യാപകനിയമന കാര്യത്തിൽ തനിക്കനുകൂലമായ തീരുമാനം ഉണ്ടാകുമെന്ന വിശ്വാസത്തിൽ സ്കൂളിൽ തുടരാനിടയായ ഹർജിക്കാരിയ്ക്ക്, 6.2.2021-ലെ ജി.ഒ(പി) 4/2021/ പൊ.വി.വ നം. പൊതു ഉത്തരവിലൂടെ അംഗീകാരത്തിനുള്ള സാദ്ധ്യത തെളിഞ്ഞ സാഹചര്യത്തിലാണ് ഇതുവരെ ഉന്നയിക്കപ്പെടാതെ പോയ പുതിയ തടസ്സവാദത്തിൻറ്റെ ആഘാതം ഏൽക്കേണ്ടി വന്നിരിക്കുന്നതെന്നും കാണപ്പെടുന്നു.

മൂന്ന്) സ്കൂളിലെ Scouts and Guidesന്റെ ചുമതല തനിക്കാണെന്നും താൻ വളരെ ഉത്തരവാദിത്വത്തോടെ Scouts and Guides ഗ്രൂപ്പ് മുന്നോട്ട് കൊണ്ടുപോകുന്നുണ്ട് എന്നും തനിക്ക് ഈ ജോലി അല്ലാതെ മറ്റു ജീവിത മാർഗ്ഗങ്ങളൊന്നുമില്ല എന്നും വളരെ പാവപ്പെട്ട കുടുംബത്തിൽ നിന്നുള്ളയാളാണ് താനെന്നും ഈ ജോലി നഷ്ടപ്പെട്ടാൽ താനും തന്റെ കുടുംബവും നിത്യ ദാരിദ്ര്യത്തിൽ ആകുന്നതാണ് എന്നും കഴിഞ്ഞ 6 വർഷമായി സർവ്വീസിൽ തുടരുന്നതാണെന്നും ഹർജിക്കാരി ചൂണ്ടിക്കാണിക്കുന്നുണ്ട്. മാത്രമല്ല, <u>നിർദ്ദിഷ്ട ഉയർന്ന പ്രായപരിധി കടക്കുന്നതിനു മുമ്പു തന്നെ</u> 21.7.2015 മുതൽ 19.10.2015 വരെ ഒരു അവധി ഒഴിവിൽ ദിവസവേതന അടിസ്ഥാനത്തിൽ താൻ നിയമനാംഗീകാരത്തോടെ ജോലിയെടുത്തിരുന്നു എന്നും ഹർജിക്കാരി ചൂണ്ടിക്കാണിക്കുന്നുണ്ട്. ഈ പ്രസ്താവങ്ങളൊന്നും വിദ്യാഭ്യാസ അധികൃതരുടെ റിപ്പോർട്ടുകളിൽ ഖണ്ഡിച്ചിട്ടില്ല.

6) മേല്പറഞ്ഞ സാഹചര്യങ്ങളിൽ, ഹർജിക്കാരിയുടെ നിയമനത്തിനു നിലനിൽക്കുന്ന ഉയർന്ന പ്രായപരിധി സംബന്ധിച്ചതുൾപ്പെടെയുള്ള എല്ലാ തടസ്സങ്ങളും യഥാസമയം ചൂണ്ടിക്കാണിക്കുന്നതിൽ വകുപ്പുതല ഉദ്യോഗസ്ഥർക്കു സംഭവിച്ചതായ വീഴ്ച മൂലം കഴിഞ്ഞ 6

വർഷമായി ജോലിയെടുത്തുവരുന്ന ഹർജിക്കാരിയ്ക്ക് 6.2.2021-ലെ ജി.ഒ(പി) 4/2021/ പൊ.വി.വ നം. പൊതു ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി അംഗീകാരം ലഭിക്കുന്നതിന് ഏകതടസ്സമായി നിലകൊള്ളുന്ന ഉയർന്ന പ്രായപരിധി വ്യവസ്ഥയിൽ ഇളവ് അനുവദിക്കുന്നത് ഉചിതവും മാനുഷികപരിഗണന അർഹിക്കുന്നതുമാണെന്നു കാണുന്നു. ആയതിനാൽ KER അധ്യായം 1 ചട്ടം 3 ബാധകമാക്കി, ഹർജിക്കാരിയുടെ 01.06.2016 മുതൽ ഉള്ള നിയമനം ഉയർന്ന പ്രായപരിധിയിൽ ഇളവ് അനുവദിച്ചുകൊണ്ട് 6.2.2021-ലെ ജി.ഒ(പി) 4/2021/ പൊ.വി.വ നം. പൊതു ഉത്തരവിലെ വ്യവസ്ഥകൾക്കു വിധേയമായി തുടർച്ചയായി അംഗീകരിക്കുന്നതിനുള്ള നിർദ്ദേശം കറുകച്ചാൽ ഉപജില്ലാ വിദ്യാഭ്യാസ ആഫീസർക്കു നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ എസ്.വി
ജോയിന്റ് സെക്രട്ടറി

പകർപ്പ്:-

പൊതുവിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം

ഉപജില്ലാ വിദ്യാഭ്യാസ ഓഫീസർ, കറുകച്ചാൽ

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കോട്ടയം

ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കാഞ്ഞിരപ്പള്ളി

ശ്രീമതി മേരിക്കുട്ടി ഫിലിപ്പ്, ഫുൾടൈം എൽ.ജി ഹിന്ദി അദ്ധ്യാപിക, സേക്രഡ് ഹാർട്ട് ഹൈസ്കൂൾ, പങ്ങട,കോട്ടയം.

കോർപ്പറേറ്റ് മാനേജർ, കോർപ്പറേറ്റ് മാനേജ്മെന്റ് ഓഫ് സ്കൂൾസ്, ചങ്ങനാശ്ശേരി അതിരൂപത, ചങ്ങനാശ്ശേരി പി.ഒ- 686101

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരള, തിരുവനന്തപുരം.

അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം.

പൊതുജന സമ്പർക്ക പ്രസിദ്ധീകരണ വിഭാഗം (വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിനായി)

സ.ഉ.(സാധാ) നം.5339/2022/GEDN

കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം

**Signed by Mini.t.r.**
**Date: 12-09-2022 13:11:06**
സെക്ഷൻ ഓഫീസർ